"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - , പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

G.O.(Rt)No.908/2020/LSGD തീയതി,തിരുവനന്തപുരം, 18/05/2020

---

പരാമർശം:- 1 സ.ഉ.(സാധാ)2475/2019/തസ്വഭവ തീയതി 06.11.2019

2 സ.ഉ.(സാധാ)900/2020/തസ്വഭവ തീയതി 18.05.2020

3 പഞ്ചായത്ത് ഡയറക്ടറുടെ 18.05.2020-ലെ PAN/4705/2019-E11(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) ലെ ഉത്തരവ് പ്രകാരം നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ച് 13 ഉദ്യോഗസ്ഥർക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്കും 13 ഉദ്യോഗസ്ഥർക്ക് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്കും സ്ഥാനക്കയറ്റം നൽകിയിരുന്നു. ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ പ്രവേശിച്ച 12 പേരുടെയും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ പ്രവേശിച്ച 9 പേരുടെയും പ്രൊബേഷൻ ഡിക്ലയർ ചെയ്ത് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് പ്രൊബേഷൻ കാലാവധി വിജയകരമായി പൂർത്തിയാക്കിയ ബാക്കിയുള്ള 3 അസിസ്റ്റന്റ് ഡയറക്ടർമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവാകുന്നതിന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ട 3 പേരിൽ ശ്രീ.സുമേഷ് കെ.ആർ. ഒഴികെ, മറ്റാരും പ്രൊബേഷൻ കാലയളവിനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ലെന്നും 3 പേരുടെയും വർക്ക് & കോണ്ടാക്റ്റ് തൃപ്തികരമാണെന്നും അവർ അച്ചടക്ക നടപടികളൊന്നും നേരിടുന്നില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. ശ്രീ.സുമേഷ് കെ.ആർ.17.02.2020 മുതൽ 22.02.2020 വരെ 16.02.2020 തീയതി prefix ചെയ്തു കൊണ്ടും 23.02.2020 തീയതി sufix ചെയ്തുകൊണ്ടും 6 ദിവസത്തെ പരിവർത്തിതാവധി ഉപയോഗിക്കുകയുണ്ടായി. ആയതിനാൽ 6 ദിവസവും prefix ഉം sufix കൂടിയുള്ള 2 ദിവസവും ഉൾപ്പടെ ആകെ 8 ദിവസം പ്രൊബേഷൻ കാലയളവ് നീട്ടി എടുക്കേണ്ടതാണ്. അവധി ഉപയോഗിച്ചിട്ടില്ലായിരുന്നെങ്കിൽ ശ്രീ.സുമേഷ് കെ.ആർ.ന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ട തീയതിയായ 08.05.2020 FN മുതൽ 8 ദിവസം നീട്ടിയുള്ള തീയതിയായ 15.05.2020 തീയതിയുടെ തൊട്ടടുത്ത ദിവസമായ 16.05.2020 FN പ്രാബല്യത്തിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാവുന്നതാണ്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ

ശുപാർശയുടെ അടിസ്ഥാനത്തിൽ ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന 3 പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാരുടെയും പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ, അവരവരുടെ പേരിനു നേരെ ചേർത്തിരിക്കുന്ന തീയതിയിൽ KS&SSR നിയമത്തിലെ ചട്ടം 20(b) പ്രകാരം തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥരുടെ പേരും മേൽ വിലാസവും | പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്ന തീയതി |
|---|---|---|
| 1 | പി.ജയരാജൻ, അസിസ്റ്റന്റ് ഡയറക്ടർ, കോട്ടയം | 15.05.2020 FN |
| 2 | ഷാജി ജോസഫ് ചെറുകരകുന്നേൽ, അസിസ്റ്റന്റ് ഡയറക്ടർ, പത്തനംതിട്ട | 18.05.2020 FN |
| 3 | ശ്രീ.സുമേഷ് കെ.ആർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | 16.05.2020 FN |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REMANI MATHEW
ADDITIONAL SECRETARY

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ